# കേരള പബ്ലിക് സർവിസ് കമ്മീഷൻ

No. DE I (1) 11367/07/EW തിരുവനന്തപുരം,

15.05.2010

## അനൗദ്യോഗികകുറിപ്പ്

വിഷയം : ഡിപ്പാർട്ട്മെൻറൽ പരീക്ഷ ജൂലൈ 2010 – റവന്യൂ ടെസ്റ്റ് പഴയ സിലബസിൽ പരീക്ഷ എഴുതുന്നത് സംബന്ധിച്ച്

സൂചന : ഇതേ ഫയലിലെ 10.05.2010 ലെ 13–ാം നമ്പർ കമ്മീഷൻ തീരുമാനം

*****

റവന്യൂ ടെസ്റ്റ് ഏകീകരിക്കുന്നതിനു മുൻപ് ജനുവരി 2010 വരെ ഭാഗികമായി പരീക്ഷ എഴുതിയവർക്കും ഇനി ബാക്കി പേപ്പറുകൾ ജയിക്കാനുള്ളവർക്കും പഴയ സിലബസിൽ പരീക്ഷ എഴുതുവാൻ രണ്ട് അവസരം (ജൂലൈ 2010, ജനുവരി 2011) കൂടി നൽകുവാൻ സൂചന പ്രകാരം കമ്മീഷൻ തീരുമാനിച്ചിരിക്കുകയുണ്ടായി ആയതിനാൽ ചുവടെപ്പറയുന്ന വസ്തുതകൾ പരീക്ഷാർത്ഥികളെ അറിയിക്കുന്നതിനായി ഒരു പത്രക്കുറിപ്പ് നൽകുവാൻ പി.ആർ.ഒ. യോട് അഭ്യർത്ഥിക്കുന്നു.

(i) റവന്യൂ ടെസ്റ്റ് നാലു പേപ്പറിനും അപേക്ഷിക്കുന്നവർ പുതിയ സിലബസിൽ പരീക്ഷ എഴുതേണ്ടതാണ്.

(ii) റവന്യൂ ടെസ്റ്റ് (ട്രാവൻ ആൻറ് കൊച്ചിൻ) ലെ ഭാഗികമായിട്ടുള്ള പേപ്പറുകൾക്ക് അപേക്ഷിക്കുന്നവർ പഴയ സിലബസിൽ തന്നെ പരീക്ഷ എഴുതേണ്ടതാണ്.

(iii) ജൂലൈ 2010–ലെ പുതുക്കിയ സിലബസ് പ്രകാരമുള്ള റവന്യൂ പരീക്ഷകൾക്ക് ഇതിനകം അപേക്ഷിച്ചിട്ടുള്ളവരിൽ പഴയ സിലബസ് പ്രകാരം പരീക്ഷ എഴുതുവാൻ ആഗ്രഹിക്കുന്നവരുണ്ടെങ്കിൽ പ്രസ്തുത പേപ്പറിൻെറ പേര്, തെരഞ്ഞെടുത്തിരിക്കുന്ന പരീക്ഷാകേന്ദ്രം, പൂർണ്ണമായ മേൽവിലാസം (അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളത്) മുതലായ വിവരങ്ങൾ ഉൾപ്പെടെ ഒരു അഭ്യർത്ഥന 22.5.2010–ന് മുൻപായി ജോയിൻറ് സെക്രട്ടറി, (DE) യ്ക്ക് സമർപ്പിക്കേണ്ടതാണ്..

**കേരള പബ്ലിക് സർവീസ് കമ്മീഷൻ**
**സെക്രട്ടറിയ്ക്കുവേണ്ടി.**